കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേപ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.4-882/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി. 06.07.2017.

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേപ്പാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേപ്പാട് ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1, 2-2എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 3-1 എന്ന ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി4-882/2017 തീയതി:06.07.2017

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.2016 മുതൽ 20.6.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ<br>ഡെപ്യൂട്ടി<br>ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.6.2017 മുതൽ<br>30.6.2017 വരെ | ശ്രീ. എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. മായാദേവി. സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ഷീബ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1)പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി രാധാ രാമചന്ദ്രൻ | 1.4.2016മുതൽ 31.3.2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി ഡി. എസ് . ആദില | 1.4.2016മുതൽ 31.7.2016 വരെ |
| 2 | ശ്രീമതി ജെ. ലതിക | 1.8.2016 മുതൽ 24.11.2016 വരെ |
| 3 | ശ്രീ ഉല്ലാസ് കുമാർ .റ്റി | 25.11.2016 മുതൽ 31.3.2017 വരെ |

3.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. മായാഗോപാലകൃഷ്ണൻ | 1.4.2016 മുതൽ<br>31.3.2017 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.രേഖാസാഗർ | 1.4.2016 മുതൽ<br>31.3.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശ്രീദേവി | 1.4.2016 മുതൽ<br>31.3.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി. | ഡോ. അഖിൽ. എൻ | 1.4.2016 മുതൽ<br>15.5.2016 വരെ |
| | | ഡോ.ബിനു.ബി.മാത്യൂ | 16.5.2016 മുതൽ<br>4.7.2016 വരെ |
| | | ഡോ. ആരതി രാജ് | 5.7.2016 മുതൽ 19.9.2016വരെ |
| | | ഡോ.സ്മിത.എൻ. എസ് | 20.9.2016 മുതൽ<br>31.3.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ. കവിത | 1.4.2016 മുതൽ<br>28.8.2016 വരെ |
| | | ഡോ. മനോജ് | 29.8.2016 മുതൽ<br>31.3.2017 വരെ |
| 6 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി .പ്രിയ വി.എം | 1.4.2016 മുതൽ<br>31.3.2017 വരെ |
| 8 | പ്രധാനാദ്ധ്യാപകൻ, ഗവ.(എൽ.പി.എസ്.) | ശ്രീമതി .ജയ. ബി | 1.4.2016 മുതൽ<br>31.3.2017 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി .ഷീല | 1.4.2016 മുതൽ<br>11.7.2016 വരെ |
| | | ശ്രീ.അനിൽകുമാർ.കെ | 12.7.2016 മുതൽ<br>31.3.2017 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജീവ് കുമാർ .ജി | 1.4.2016 മുതൽ<br>31.3.2017 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി . ജെ. ലതിക | 1.4.2016 മുതൽ<br>31.3.2017 വരെ |
| 12 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. കൃഷ്ണേന്ദു | 1.4.2016 മുതൽ |

| | | |
|---|---|---|
| | | 6.3.2017 വരെ |
| | ഡോ. രമ്യ ജി.തിലകൻ | 7.3.2017 മുതൽ 31.3.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1മുതൽ 1-13 വരെ | പൊതു അവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | സ്റ്റാർ ഹോട്ടലിന്റെ നികുതി കുടിശ്ശിക – 24.9 ലക്ഷം - പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല |
| 3 | 2-2 | ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം |
| 4 | 2-3 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല |
| 5 | 2-4 | അംഗീകൃതപ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണം |
| | | ഭാഗം – 3 |
| 6 | 3-1 | മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ ഗുരുതര ന്യൂനതകൾ |
| 7 | 3-2 | മെറ്റലിംഗ് വേലകളിൽ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് തെറ്റായി കാണിച്ചതു മൂലം അധിക ചെലവ് |
| 8 | 3-3 | NH - തറയിൽ മുക്ക് റോഡ് ഗ്രാവലിംഗ് - കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല |
| 9 | 3-4 | വട്ടപ്പറമ്പിൽ കലുങ്ക് പതിനഞ്ചിൽ കോളനി പടിഞ്ഞാറേക്കര റോഡ് മെറ്റലിംഗ് വാർഡ് 1- അളവു കണക്കാക്കൽ, കോമ്പൻസേഷൻ ഈടാക്കൽ എന്നിവയിൽ ന്യൂനത |
| 10 | 3-5 | കണ്ണോലിൽ മുക്ക് - കടക്കശ്ശേരിൽ റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ് വാർഡ് 14 - അളവു കണക്കാക്കൽ, കോമ്പൻസേഷൻ ഈടാക്കൽ എന്നിവയിൽ ന്യൂനത |
| 11 | 3-6 | മുറിയാമ്മൂട് - പള്ളിക്കൽ ചിറ റോഡ് റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ് വാർഡ് 1 - അളവു കണക്കാക്കൽ, കോമ്പൻസേഷൻ ഈടാക്കൽ എന്നിവയിൽ ന്യൂനത |
| 12 | 3-7 | യുവ ജനങ്ങൾക്ക് ഓട്ടോ റിക്ഷാ നൽകൽ - വാങ്ങൽ രേഖകൾ ഇല്ല |
| 13 | 3-8 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ഇരുചക്ര വാഹനം - വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല |
| 14 | 3-9 | പട്ടികജാതി ഭൂമി വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല |
| 15 | 3-10 | മരുന്നുകൾ യഥാസമയം ലഭിച്ചില്ല |
| 16 | 3-11 | പാലിയേറ്റീവ് കെയർ രേഖകൾ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ |
| 17 | 3-12 | സാക്ഷരതാ തുല്യതാ പരീക്ഷ - ചെലവു രേഖകൾ ഹാജരാക്കിയില്ല |
| 18 | 3-13 | വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്കായി ഫർണ്ണിച്ചറുകൾ വാങ്ങിയത് - വിതരണം ചെയ്തിട്ടില്ല |
| 19 | 3-14 | നിർവ്വഹണ ഏജൻസികൾ മുഖേനയുള്ള പദ്ധതി നടത്തിപ്പ് - നല്കിയ തുക നിക്ഷേപമായി തുടരുന്നു |
| 20 | 3-15 | കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| | | ഭാഗം – 4 |

| | | |
|---|---|---|
| 21 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 22 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 4.3.2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 9,38,37,000/- | 9,24,88,500/-- |
| വാർഷിക കണക്ക് പ്രകാരം | 4,25,64,625/- | 3,61,39,100/- |

ഇ.എഫ്.എം.എസ് വഴി NREGS, Bഫണ്ട് എന്നീ ഇനങ്ങളിൽ വന്നിട്ടുള്ള 4.27കോടി രൂപയുടെ വരവു ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ല എന്നു കാണാം.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 23.05.2017 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം (വാർഷിക ധനകാര്യ പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14007728 |
| വരവ് | 42564625 |
| ആകെ | 56572353 |
| ചെലവ് | 36139100 |
| നീക്കിയിരിപ്പ് | 20433253 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 9167083 | 8477773 | 92.48 |
| വികസനഫണ്ട് - എസ്.സി.പി. | 5554116 | 5553194 | 99.98 |
| വികസനഫണ്ട് - ടി.എസ്.പി. | 23532 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 5574207 | 1928312 | 34.59 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | 2554755 | 1944521 | 76.11 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5141495 | 2131818 | 41.46 |
| പെർഫോമൻസ് ഗ്രാന്റ് | 2874989 | 562267 | 19.56 |
| ബി. ഫണ്ട് | 32425570 | 32425570 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 11572147 *(മുന്നിരിപ്പ് രൂ. 9947/- ഉൾപ്പെടെ)* | 11461472 | 99.04 (നീക്കിയിരിപ്പ് രൂ. 110675/-) |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 130 | 44731502 | 62 | 21813456 | 20 | 48 | 47.69 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 33.45 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+/-) |
|---|---|---|---|---|
| നികുതി വരവുകൾ | 3131787 | 5417824 | 2286037 | 72.99 |
| നികുതിയേതര വരവുകൾ | 683782 | 1231908 | 548126 | 80.16 |
| മറ്റ് വരവുകൾ | 1361414 | 258946 | (-) 1102468 | 80.98 |
| ആകെ | 5176983 | 6908678 | 1731695 | 33.45 |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242520 | 133 |
| കർഷകതൊഴിലാളി പെൻഷൻ | 8533480 | 876 |
| വിധവാപെൻഷൻ | 7368110 | 669 |
| വാർദ്ധക്യകാലപെൻഷൻ | 13596965 | 1249 |
| വികലാംഗപെൻഷൻ | 2171875 | 224 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 422620 | 38 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 90000 | 3 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.06.17 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17319/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.6.2017 | 5/2017 | 22.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.3.2017 | 2011-12 മുതൽ 2015-16 വരെ | 24.05.2017 |

1-12 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | | 2882 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | | 5390 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | | 1489 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | | 1637 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | 77229 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | | 52 |

| | | |
|---|---|---|
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | | 6 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 55 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. തൊഴിൽ ആവശ്യപ്പെട്ട 1489 കുടുമ്പങ്ങളിൽ കേവലം 6 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചത്. അതായത് കേവലം 0.4%.

ഇതിൽ നിന്നും തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ താല്പര്യം കാണിച്ചിരുന്നില്ല എന്നു വ്യക്തമാകുന്നു. ദരിദ്രരായ അനേകം ആളുകൾ അധിവസിക്കുന്ന ഈ പ്രദേശത്തെ കുടുംബങ്ങൾക്ക് കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് കാര്യമായ വീഴ്ച വരുത്തി. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-13<u>അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ കാര്യമായ താല്പര്യം കാണിക്കുന്നില്ല</u>

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയ കേന്ദ്രങ്ങളാണ് ഇവിടുത്തെ അങ്കണവാടികൾ. ആകെ 20 അങ്കണവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 18 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടങ്ങളുള്ളത്. ബാക്കി 2 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

കേവലം 4 എണ്ണത്തിൽ മാത്രമാണ് baby friendly toilet സൗകര്യം ഉള്ളത്. 4എണ്ണത്തിനു ചുറ്റുമതിലോ വേലിയോ ഇല്ല. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും കാര്യമായ പുരോഗതി ഇല്ല. അതുപോലെ, ഭൂരിഭാഗം അങ്കണവാടികളിലും കുട്ടികളുടെ മാനസികോല്ലാസത്തിന് ചെറിയ കളിപ്പാട്ടങ്ങൾ ഒഴികെ കാര്യമായ സൗകര്യങ്ങൾ (കളി ഉപകരണങ്ങൾ) ഒന്നും തന്നെയില്ല എന്നും കാണുന്നു.

ടി വസ്തുതകളിൽ നിന്നും അങ്കണവാടികളുടെ കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കാര്യമായ ശ്രദ്ധ ചെലുത്തിയിരുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം-2

## <u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 <u>സ്റ്റാർ ഹോട്ടലിന്റെ നികുതി കുടിശ്ശിക - 24.9 ലക്ഷം - പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല</u>

ചേപ്പാട് ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ നിർമ്മിച്ചിട്ടുള്ള ശ്രീ.ജേക്കബ് ഉമ്മൻ, മാനത്തറയിൽ ഉടമസ്ഥനായുള്ള റോയൽ ഗാർഡൻസ് 4 സ്റ്റാർ ഹോട്ടൽ & റിസോട്ട്സിന്റെ കെട്ടിട നികുതി ഇനത്തിൽ 2488556/- രൂപ പിരിച്ചെടുക്കുവാനുണ്ട്. ടി വിഷയം മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നാളിതുവരെയും ടി ഇനത്തിൽ തുകയൊന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ട താണ്. വിഷയത്തിന്മേൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 <u>ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി ഒടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം</u>

വസ്തു നികുതി കഴിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടവയാണ് തൊഴിൽ നികുതിയും ലൈസൻസ് ഫീയും. എന്നാൽ ഓഡിറ്റു വർഷം വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നു. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് കാര്യമായ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ.

a) <u>നികുതി/ഫീ ഒടുക്കുവാൻ ബാദ്ധ്യതയുള്ള സ്ഥാപനങ്ങളെ കണ്ടെത്തുന്നതിൽ വീഴ്ച</u>

2016-17 ൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന 5997 കെട്ടിടങ്ങളിൽ 669 എണ്ണം വ്യാപാര ആവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്ന് വസ്തു നികുതി രജിസ്റ്റർ അടിസ്ഥാനമാക്കി സെക്രട്ടറി തയ്യാറാക്കി ഓഡിറ്റിൽ

സമർപ്പിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ കേവലം 216 വ്യപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമേ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ.

216 എണ്ണത്തിൽ 200 സ്ഥാപനങ്ങൾ D&Oലൈസൻസ് ആവശ്യമുള്ളവയായി കണക്കാക്കപ്പെട്ടിട്ടുണ്ടെങ്കിലും ഇവയിൽ 153 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് D&Oലൈസൻസ് എടുത്തിട്ടുള്ളത്. അത്രയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നു മാത്രമേ തൊഴിൽ നികുതിയും ഈടാക്കിയിട്ടുള്ളൂ.

ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടതും പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നതുമായ പല സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഒടുക്കിയതായി രേഖകളില്ല.

ഉദാഹരണമായി, അൻസാന ട്രാവൽസ്, അൽ നൂർ ട്രാവൽസ് എന്നിവ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ ഇല്ല. എസ്സൻഷ്യൽ എന്റർപ്രൈസസ്, ഏവൂർ വടക്ക്, ഹിൽട്ടൺ ബ്രിക്സ്, ഹിൽട്ടൺ ടെക്സ്റ്റയിൽസ്, ഈ മൈത്രി സെന്റർ എന്നീ സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ്എടുത്തതിന്റെയും രേഖകൾ ഇല്ല.

ഇതിൽ നിന്നും 2016-17 ൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽപോലും വീഴ്ചയുണ്ടായി എന്നു കാണാം.

b) <u>ലിസ്റ്റിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ എല്ലാ വർഷവും ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഒടുക്കുന്നില്ല</u>

മുൻ വർഷം ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഒടുക്കിയ പല സ്ഥാപനങ്ങളിൽ നിന്നും ഈ വർഷം രണ്ടിനങ്ങളിലും വരവില്ല.

ഉദാഹരണമായി,

1. ജയകുമാർ, പുതുക്കടവിൽ

(കെട്ടിട നിർമ്മാണ സാമഗ്രികൾ സ്റ്റോക്ക് ചെയ്ത് വില്പന നടത്തൽ) -

മുൻ വർഷം ഒടുക്കിയ ലൈസൻസ് ഫീ - രൂ.4000/-, തൊഴിൽ നികുതി - രൂ.2500/-

2. ശാന്താ ഇൻഡേൻ സർവ്വീസ് (ഗ്യാസ് ഏജൻസി)

മുൻ വർഷം ഒടുക്കിയ ലൈസൻസ് ഫീ - രൂ.100/-, തൊഴിൽ നികുതി - രൂ.2500/-

3. നടപുരയിൽ ഫ്യുവൽസ് (പെട്രോൾ, ഡീസൽ വില്പന)

മുൻ വർഷം ഒടുക്കിയ ലൈസൻസ് ഫീ - രൂ.1000/-, തൊഴിൽ നികുതി - രൂ.2500/-

c) <u>വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കുന്നില്ല</u>

ലൈസൻസ് ഫീ ചട്ടം അനുസരിച്ച് ഓരോ സ്ഥാപനത്തിന്റെയും ലൈസൻസ് ഫീ നിശ്ചയിക്കുന്നത് അവയുടെ ദിവസേനയുള്ള ശരാശരി വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് (പട്ടിക 2 പ്രകാരമുള്ള നിരക്കിൽ). എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും ടി പട്ടിക അനുസരിച്ചുള്ള നിരക്കിലല്ല ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത്.

ഉദാഹരണമായി, ഗ്രാമപഞ്ചായത്തിൽ രണ്ട് പെട്രോൾ പമ്പുകളും ഒരു ഗ്യാസ് ഏജൻസിയുമുണ്ട്. ഇവയ്ക്ക് പ്രതിദിനം ലക്ഷങ്ങൾ വിറ്റുവരവുണ്ട് എന്ന കാര്യം ഉറപ്പാണ് (ലക്ഷങ്ങൾ വിറ്റുവരവുണ്ടെങ്കിൽ മാത്രമേ അവയുടെ പ്രവർത്തനം സാദ്ധ്യമാവൂ). ടി പട്ടിക അനുസരിച്ച് ദിവസം ശരാശരി 1,00,000/- രൂപയിലധികം വിറ്റുവരവുള്ള ഈ സ്ഥാപനങ്ങളിൽ നിന്നും രൂ. 4000/- വീതം ലൈസൻസ് ഫീ ഈടാക്കണമായിരുന്നു. എന്നാൽ ഇവയിൽ നിന്നും വളരെ കുറഞ്ഞ ഫീയാണ് ഈടാക്കിയിട്ടുള്ളത്.

1. മുഴങ്ങോടിയിൽ ഫ്യൂവൽസ് (പെട്രോൾ, ഡീസൽ വില്പന)

ഈടാക്കിയ ലൈസൻസ് ഫീ - രൂ.1000/-

2..നടപുരയിൽ ഫ്യൂവൽസ് (പെട്രോൾ, ഡീസൽ വില്പന)

2014-15വർഷം ഈടാക്കിയ ലൈസൻസ് ഫീ - രൂ.2000/-

(2015-16, 2016-17 വർഷങ്ങളിൽ ഈടാക്കിയിട്ടില്ല)

3.ശാന്താ ഇൻഡേൻ സർവ്വീസ് (ഗ്യാസ് ഏജൻസി)

മുൻ വർഷം ഈടാക്കിയ ലൈസൻസ് ഫീ - രൂ.100/-,

(2016-17 വർഷം ഈടാക്കിയിട്ടില്ല)

d) <u>വരുമാനത്തിന്റ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ച് ഓരോ ബിസിനസ്സ് സ്ഥാപനവും അവയുടെ അർദ്ധ വാർഷിക വരുമാനത്തിന്റ അടിസ്ഥാനത്തിലാണ് തൊഴിൽ നികുതി അടയ്ക്കേണ്ടത്. എന്നാൽ പല സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത് എന്നു കാണുന്നു.

ഉദാഹരണമായി, പരമാവധി നിരക്കിൽ (അർദ്ധ വർഷം 1250/-, പ്രതിവർഷം 2500/-) തൊഴിൽ നികുതി ഈടാക്കാമായിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്.

1. S. D ട്രേഡിംഗ് കമ്പനി, മുട്ടം - പെയിന്റ് & ഹാർഡ് വെയർ വ്യാപാരം -

ഈടാക്കിയ നികുതി - 1500/-

2. തൃപ്തി സൂപ്പർ മാർക്കറ്റ്, നങ്ങ്യാർകുളങ്ങര – സൂപ്പർമാർക്കറ്റ് നടത്തൽ

ഈടാക്കിയ നികുതി - 1500/-

3. AS സ്റ്റീൽസ് - സ്റ്റീൽ വ്യാപാരം - ഈടാക്കിയ നികുതി - 360/-

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/28.6.2017), ഫീൽഡിൽ പോയി അന്വേഷിച്ച് ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കുന്നതെന്നും, വ്യാപാര സ്ഥാപനങ്ങൾക്കു വേണ്ടി അസസ്സ് ചെയ്യപ്പെട്ട എല്ലാ കെട്ടിടങ്ങളിലും ബിസിനസ്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും, ചില സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കാത്തതു മൂലമാണ് അവയ്ക്ക് ലൈസൻസ് നല്കാതിരുന്നത് എന്നും വരും വർഷങ്ങളിൽ ടി ന്യൂനതകൾ പരിഹരിക്കുന്നതാണെന്നും, തുടങ്ങിയ മറുപടിയാണ് നല്കിയത്. ഈ മറുപടി ചട്ട പ്രകാരമുള്ള പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയത് ന്യായീകരിക്കുന്നതല്ല. മാത്രമല്ല, വാണിജ്യ സ്ഥാപനങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ട ഭൂരിഭാഗം കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് യുക്തിക്കു നിരക്കുന്നതുമല്ല.

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കി എന്നു മാത്രമല്ല ഗ്രാമ പഞ്ചായത്തിന്റെ നിയമപരമായ അധികാരം ചോദ്യം ചെയ്യപ്പെട്ട സംഭവവുമാണ്.

ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കു വേണ്ടി നിർമ്മിക്കപ്പെട്ട എല്ലാ കെട്ടിടങ്ങളുടെയും പ്രവർത്തനം പരിശോധിച്ച് അവയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം രേഖപ്പെടുത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും അർഹതയുള്ളവയ്ക്ക് ലൈസൻസ് അനുവദിച്ച് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ (കുടിശ്ശിക, പിഴ എന്നിവ സഹിതം) ഈടാക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 <u>മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല</u>

ഗ്രാമ പഞ്ചായത്ത് പരിധിയൽ 6 മൊബൈൽ ടവറുകൾ പ്രവർത്തനക്ഷമമാണെങ്കിലും അവയുടെ വസ്തു നികുതി ഈടാക്കുന്നില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതിയായി 500 രൂപയാണ് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തു നികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 അംഗീകൃതപ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണം

xi -ാം വാർഡിൽ റീസർവ്വേ നം. 141/3 ൽപ്പെട്ട വസ്തുവിൽ വാണിജ്യാവശ്യത്തിനുള്ള 326.36 എം.2 കെട്ടിടം പണിയുന്നതിന് ശ്രീ.രാധാകൃഷ്ണൻ, നഗരൂർ, ചേപ്പാട് എന്നയാൾക്ക് 26.04.2016 തീയതിയിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. ഇതിൽ 145.52 എം2 വിസ്തീർണ്ണമുള്ള ഗ്രൗണ്ട് ഫ്ലോർ കെട്ടിടം പണി പൂർത്തീകരിക്കുകയും ഇതിലെ കടമുറികൾക്ക് നമ്പർ നൽകിയിട്ടുള്ളതുമാണ്. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള പ്ലാനിൽ ടി കെട്ടിടത്തിന് 261.08 എം2 കാർപ്പെറ്റ് വിസ്തീർണ്ണവും അതിന് തുല്യമായ പാർക്കിംഗും കാണിച്ചിട്ടുണ്ട്. കെ.പി.ബി.ആർ റൂൾ 38 പ്രകാരം കാറ്റഗറി II പഞ്ചായത്തിൽ കാർപ്പെറ്റ് ഏരിയായുടെ 5.625% പാർക്കിംഗ് ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിലൊരു പാർക്കിംഗ് ഏരിയ പൂർത്തീകരണ പ്ലാനിൽ ഇല്ല. കൂടാതെ ടി നിർമ്മാണത്തിന് ഫയർ എൻ.ഒ.സി, നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നുള്ള സമ്മതപത്രം എന്നിവ ലഭിച്ചിട്ടില്ല. നിയമാനുസൃത ചട്ടങ്ങൾ പാലിക്കാതെയാണ് ടി കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. പ്രസ്തുത കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയത് ക്രമ പ്രകാരമുള്ള നടപടിയല്ല. വിഷയത്തിന്മേൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

ഈ സർവ്വേ നമ്പരിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം അതിനാനുപതികമായ പാർക്കിംഗ്, ഉപയോഗ ക്രമം എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അളന്ന് ലഭ്യമാക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി 12 തീയതി. 29.06.17 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് വേലകളുടെ നിർവ്വഹണത്തിൽ ഗുരുതര ന്യൂനതകൾ

2016-17 സാമ്പത്തിക വർഷം ചേപ്പാടു ഗ്രാമപഞ്ചായത്തിൽ മരാമത്തു വേലകളുടെ നടത്തിപ്പിൽ താഴെപറയുന്ന ന്യൂനതകൾ കാണുന്നു.

a) ആവിഷ്കരിക്കപ്പെട്ട പദ്ധതികളിൽ ഭൂരിഭാഗവും നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 2,01,78,326/- രൂപാ അടങ്കലിൽ ആകെ 63 മരാമത്തു പദ്ധതികളാണ് ആവിഷ്കരിച്ചിരുന്നത് (സ്പിൽ ഓവർ 17, പുതിയവ 46). എന്നാൽ 53,63,158/- രൂപാ ചെലവിൽ കേവലം 12 പദ്ധതികൾ മാത്രമാണ് പൂർണ്ണമായി നടപ്പാക്കിയത് (സ്പിൽ ഓവർ 10, പുതിയത് 2, ഇതിൽ ഒന്ന് ഹോമിയോ ആശുപത്രിയുടെ അറ്റകുറ്റപ്പണി, മറ്റൊന്ന് ലൈൻ ദീർഘിപ്പിക്കലിനു വേണ്ടി KSEB യിൽ പണം നിക്ഷേപിക്കലും). അതായത് കേവലം 19% പ്രവൃത്തികൾ മാത്രം പൂർത്തീകരിച്ചത്. പുതിയവയിൽ കേവലം 4.3%.

19 വേലകൾക്കു വേണ്ടി ടാർ വാങ്ങൽ മാത്രം നടപ്പാക്കി. 32 എണ്ണവുമായി ബന്ധപ്പെട്ട യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. ഇവയിൽ 6 എണ്ണം ഉപേക്ഷിക്കുകയും ചെയ്തു.

b) പദ്ധതികളുടെ മോണിറ്ററിംഗ് നടത്താതെ ചെലവു നടത്തി

GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച 12-ാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ (ഖണ്ഡിക 22) പ്രകാരം ഓരോ പ്രോജക്റ്റിന്റെയും മോണിറ്ററിംഗ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ (നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെ) നടത്തണമെന്നു നിർദ്ദേശിക്കുന്നു. ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിനു ശേഷം മാത്രമേ ഫൈനൽ പേമെന്റ് നല്കാൻ പാടുള്ളൂ. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്തു പ്രവർത്തികളുടെ കാര്യത്തിൽ നിയമാനുസൃതം മോണിറ്ററിംഗ് നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. ഇത് ഗുരുതരമായ ചട്ട ലംഘനം ആണ്.

c) എഗ്രിമെന്റ് തയ്യാറാക്കിയതിൽ ന്യൂനതകൾ

കാലഹരണപ്പെട്ട മാതൃകയിലാണ് കരാർ ചമച്ചിട്ടുള്ളത്. 2012 ലെ PWD മാനുവൽ നിഷ്കർഷിക്കും പ്രകാരമുള്ള മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. കരാറിനൊപ്പം പ്രവൃത്തി വിവര പട്ടിക ഉൾപ്പെടുത്തുന്നില്ല, കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

d) രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല

മരാമത്തു വേലകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും അനുബന്ധ രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ പ്രോജക്ടുകളുടെയും ചെലവിന്റെ പൂർണ്ണമായ വിശദാംശം പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അതു പോലെ ആസ്തി രജിസ്റ്ററിലും ചെലവിന്റെ വിശദാംശം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

e) കാലതാമസത്തിന് പിഴ / നിയമാനുസൃതം കോമ്പൻസേഷൻ ഈടാക്കുന്നില്ല

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർ 2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2112 അനുശാസിക്കും പ്രകാരം സമയ ദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്യുന്നില്ല. അതുപോലെ സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരം അധിക കാലത്തിന് നിയമാനുസൃതം കോമ്പൻസേഷനും ഈടാക്കുന്നില്ല. (വിശദാംശം തുടർ ഖണ്ഡികകളിൽ ചേർക്കുന്നു)

മരാമത്തു വേലകൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

മരാമത്തു വേലകളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും നിയമാനുസൃതം തയ്യാറാക്കി സൂക്ഷിക്കാത്തതു് ഗുരുതര സാമ്പത്തിക ക്രമക്കേടുകൾക്ക് വഴിതെളിക്കുന്നതാണ്. ആയതിനാൽ എല്ലാ രേഖകളും കൃത്യമായി തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-2 മെറ്റലിംഗ് വേലകളിൽ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് തെറ്റായി കാണിച്ചതു മൂലം അധിക ചെലവ്

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ട ചില മരാമത്ത് വേലകൾ പൂർത്തീകരിക്കപ്പെട്ടത് 2016-17 വർഷമാണ്. ഇവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DSR പ്രകാരമാണ്. ഇവയിൽ മെറ്റലിംഗ് വേലകൾക്കുള്ള സ്ക്രീനിംഗ് മെറ്റീരിയലിന്റെ (Type B, 11.20mm) അളവ് കണക്കാക്കിയതിൽ പിശക് ഉണ്ടായതായും തൻമൂലം അധിക ചെലവ് ഉണ്ടായതായും കാണുന്നു.

2009ലെ CPWD സ്പെസിഫിക്കേഷൻ ഖണ്ഡിക 16.7 അനുസരിച്ചുള്ള പ്രവൃത്തികളാണ് മെറ്റലിംഗ് വേലകളിൽ കാണിച്ചിട്ടുള്ളത്. ഇതിൽ ചിലവയിൽ 63-45 mm മെറ്റലും Type B സ്ക്രീനിംഗ് മെറ്റീരിയലും (11.20mm മെറ്റൽ) ഉപയോഗിച്ചുള്ള Base Courseഉം അതിനു മുകളിൽ 53-22.4 mm മെറ്റലും Type B സ്ക്രീനിംഗ് മെറ്റീരിയലും (11.20mm മെറ്റൽ) ഉപയോഗിച്ചുള്ള Surface Courseഉം ആണ് ചെയ്തിട്ടുള്ളത്. *(അതിനനുസരിച്ചുള്ള ബൈന്റിംഗ് മെറ്റീരിയൽ ആണ് ഉപയോഗിച്ചത്; @ 0.013/m$^2$)*. എന്നാൽ ഈ പ്രവൃത്തികളിൽ സർഫസ് കോഴ്സുകളിൽ സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് ആവശ്യമായതിലും കൂടിയ അളവിലാണ് കണക്കാക്കിയത്.

ഖണ്ഡിക 16.7.2, TABLE 16.13 അനുസരിച്ച് ബേസ് കോഴ്സിന് ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് 0.20-0.22m$^3$/10m$^2$ (ശരാശരി 0.21m$^3$/10m$^2$) ഉം, 53-22.4 mm മെറ്റലുപയോഗിച്ചുള്ള സർഫസ് കോഴ്സിന് ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് 0.14-0.17m$^3$/10m$^2$ (ശരാശരി 0.155m$^3$/10m$^2$) ഉം ആണ്. എന്നാൽ ഇവിടെ സർഫസ് കോഴ്സിന് 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള ബേസ് കോഴ്സിന്റെ നിരക്കിൽ, അതായത് 0.18-0.21m$^3$/10m$^2$ (ശരാശരി 0.195m$^3$/10m$^2$) ആണ് സ്ക്രീനിംഗ് മെറ്റീരിയൽ അളവ് കണക്കാക്കിയത്. (ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/28.6.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.)

തെറ്റായി അളവു കണക്കാക്കിയതു മൂലം കരാറുകാർക്ക് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശം ചുവടെ.

1. വാതല്ലൂർ - കുന്നേൽ റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ്

പ്രോജക്ട് നം. : 49/17

കരാറുകാരൻ : രതീഷ്.എസ് (എസ്റ്റിമേറ്റ് നിരക്കിലും 8.4% കുറച്ച്)

ഈ പ്രവൃത്തിയിൽ സ്ക്രീനിംഗ് മെറ്റീരിയലിന് അധിക അളവ് അനുവദിച്ചതു മൂലം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| ആകെ ബേസ് കോഴ്സ് അളവ് (ഇനം 6) | = | $53.57m^3$ | = | $714.27m^2$ |
| ആകെ സർഫസ് കോഴ്സ് അളവ് (ഇനം 10) | = | $52.55m^3$ | = | $700.70m^2$ |

ടി രണ്ടിനങ്ങൾക്കുമായി ആകെ ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ്

| | | | | |
|---|---|---|---|---|
| a) ബേസ് കോഴ്സിന് @ $0.21m^3/10m^2$ | = | 714.27 x 0.021 | = | $15\ m^3$ |
| b) 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള സർഫസ് കോഴ്സിന് @$0.155m^3/10m^2$ | = | 700.70 x 0.0155 | = | $10.86\ m^3$ |
| | | ആകെ | = | $25.86\ m^3$ |
| മൂല്യം നിർണ്ണയിക്കപ്പെട്ട സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് (ഇനം 4 & 8) | | | = | $28.66\ m^3$ |
| അധികമായി അനുവദിക്കപ്പെട്ട അളവ് | = | 28.66 – 25.86 | = | $2.8\ m^3$ |
| സ്ക്രീനിംഗ് മെറ്റീരിയലിന് അനുവദിക്കപ്പെട്ട നിരക്ക് | | | = | $2143.39/m^3$ |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | = | 2.8 x 2143.39 | = | 6001.49 |

ടെണ്ടർ വ്യത്യാസം കിഴിച്ച് കരാറുകാരന് അധികമായി നല്കിയ തുക

| | | | |
|---|---|---|---|
| = | 6001.49 – 8.4% | = | 5497/- |

ഈ അധിക ചെലവ് (രൂ.5497/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ / ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

*അനുബന്ധ വിവരങ്ങൾ : -*

| | |
|---|---|
| *സാങ്കേതികാനുമതി നം.* | :- 220/AEE/MBP/15-16, Dtd. 19.6.2015 |
| *കരാർ നം.* | :- 24/2015-16 തീയതി 9.9.2015 |
| *അളവ് പുസ്തകം നം.* | :- 182/2015-16 |
| *ആകെ മൂല്യം* | :- രൂ. 455593/- |
| *കരാറുകാരന് നല്കിയ തുക* | :- രൂ. 428257/- |
| *ബിൽ വിവരങ്ങൾ* | :- *Bill No. 2/16-17 തീ. 29.11.16രൂ. 455593/-* |
| *എസ്റ്റിമേറ്റ് തയ്യാറാക്കലും അളവ് രേഖപ്പെടുത്തലും* | :- *ശ്രീമതി. ഷീല,S, അസിസ്റ്റന്റ് എഞ്ചിനീയർ* |

| | | |
|---|---|---|
| *മൂല്യ നിർണ്ണയം നടത്തിയത്* | :- | *ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *TS നല്കിയതും ചെക്ക മെഷർ നടത്തിയതും* | :- | *ശ്രീമതി. ഷൈനി.N*<br>*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

2. ആതിര – ത്രാച്ചേരിൽ റെയിൽവേ റോഡ് മെറ്റലിംഗ്

പ്രോജക്ട് നം. : 61/17

കരാറുകാരൻ : റ്റി. എൻ. ശാന്തിലാൽ (എസ്റ്റിമേറ്റ് നിരക്കിലും 12% കുറച്ച്)

ഈ പ്രവൃത്തിയിൽ സ്ക്രീനിംഗ് മെറ്റീരിയലിന് അധിക അളവു അനുവദിച്ചു മൂലം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| ആകെ ബേസ് കോഴ്സ് അളവ് (ഇനം 7) | = | $26.40m^3$ | = | $352m^2$ |
| ആകെ സർഫസ് കോഴ്സ് അളവ് (ഇനം 8) | = | $38.36m^3$ | = | $511.47m^2$ |

ടി രണ്ടിനങ്ങൾക്കുമായി ആകെ ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ്

| | | | | |
|---|---|---|---|---|
| a) ബേസ് കോഴ്സിന് @ $0.21m^3/10m^2$ | = | 352 x 0.021 | = | $7.39m^3$ |
| b) 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള<br>സർഫസ് കോഴ്സിന് @$0.155m^3/10m^2$ | = | 511.47 x 0.0155 | = | $7.93\ m^3$ |
| | | ആകെ | = | $15.32\ m^3$ |
| മൂല്യം നിർണ്ണയിക്കപ്പെട്ട സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് (ഇനം 5) | | | = | $17.40\ m^3$ |
| അധികമായി അനുവദിക്കപ്പെട്ട അളവ് | = | 17.40 – 15.32 | = | $2.08\ m^3$ |
| സ്ക്രീനിംഗ് മെറ്റീരിയലിന് അനുവദിക്കപ്പെട്ട നിരക്ക് | | | = | $2143.39/m^3$ |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | = | 2.08 x 2143.39 | = | 4458.25 |

ടെണ്ടർ വ്യത്യാസം കിഴിച്ച് കരാറുകാരന് അധികമായി നല്കിയ തുക

= 4458.25 - 12% = 3923/-

ഈ അധിക ചെലവ് (രൂ.3923/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ / ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

---

*അനുബന്ധ വിവരങ്ങൾ : -*

| | | |
|---|---|---|
| *സാങ്കേതികാനുമതി നം.* | :- | 322/AEE/MBP/15-16 Dtd. 14.9.2015 |
| *കരാർ നം.* | :- | 38/AE/LSGD/CPD/15-16 തീ. 29.2.2016 |
| *അളവു പുസ്തകം നം.* | :- | 153/15-16 |
| *ആകെ മൂല്യം* | :- | രൂ. 263961/- |
| *കരാറുകാരന് നല്കിയ തുക* | :- | രൂ. 248029/- |
| *ബിൽ വിവരങ്ങൾ* | :- | *Bill No. 3/16-17 തീ. 29.11.16 രൂ. 263861/-* |
| *എസ്റ്റിമേറ്റ് തയ്യാറാക്കലും അളവു രേഖപ്പെടുത്തലും* | :- | *ശ്രീമതി. ഷീല. S, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *മൂല്യ നിർണ്ണയം നടത്തിയത്* | :- | *ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *TS നല്കിയതും ചെക്ക മെഷർ നടത്തിയതും* | :- | *ശ്രീമതി. ഷൈനി.N*<br>*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

3. <u>വട്ടപ്പറമ്പിൽ കലുങ്ക് - പതിനഞ്ചിൽ കോളനി കിഴക്കേക്കര റോഡ് മെറ്റലിംഗ്,വാർഡ് 6</u>

പ്രോജക്റ്റ് നം. : 57/17

കരാറുകാരൻ : രമേഷ് കുമാർ.ആർ (എസ്റ്റിമേറ്റ് നിരക്കിലും 9% കുറച്ച്)

ഈ പ്രവൃത്തിയിൽ സ്ക്രീനിംഗ് മെറ്റീരിയലിന് അധിക അളവു അനുവദിച്ചതു മൂലം താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| | | |
|---|---|---|
| ആകെ ബേസ് കോഴ്സ് അളവ് (ഇനം 6) | = $109.30m^3$ | = $1457.33m^2$ |
| ആകെ സർഫസ് കോഴ്സ് അളവ് (ഇനം 10) | = $37.20m^3$ | = $496m^2$ |

ടി രണ്ടിനങ്ങൾക്കുമായി ആകെ ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ്

| | | |
|---|---|---|
| a) ബേസ് കോഴ്സിന് @ $0.21m^3/10m^2$ | = 1457.33 x 0.021 | = $30.60\ m^3$ |
| b) സർഫസ് കോഴ്സിന് @$0.155m^3/10m^2$ | = 496 x 0.0155 | = $7.69\ m^3$ |
| | ആകെ | = $38.29\ m^3$ |
| മൂല്യം നിർണ്ണയിക്കപ്പെട്ട സ്ക്രീനിംഗ് മെറ്റീരിയലിന്റ അളവ് (ഇനം 5) | | = $40.27\ m^3$ |
| അധികമായി അനുവദിക്കപ്പെട്ട അളവ് | = 40.27-38.29 | = $1.98\ m^3$ |
| സ്ക്രീനിംഗ് മെറ്റീരിയലിന് അനുവദിക്കപ്പെട്ട നിരക്ക് | | = $2143.39/m^3$ |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | = 1.98 x 2143.39 | = 4243.91 |

ടെണ്ടർ വ്യത്യാസം കിഴിച്ച് കരാറുകാരന് അധികമായി നല്കിയ തുക

= 4243.91 - 9% = 3862/-

ഈ അധിക ചെലവ് (രൂ.3862/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ/ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

---

*അനുബന്ധ വിവരങ്ങൾ : -*

| | |
|---|---|
| *സാങ്കേതികാനുമതി നം.* | :- 223/AEE/MBP/15-16 Dtd. 19.6.2015 |
| *കരാർ നം.* | :- 36/AE/LSGD/CPD/2015-16 Dtd. 29.9.2015 |
| *അളവു പുസ്തകം നം* | :- 85/15-16 |
| *ആകെ മൂല്യം* | :- രൂ. 905772/- |
| *കരാറുകാരന് നല്കിയ തുക* | :- രൂ. 851425/- |
| *ബിൽ വിവരങ്ങൾ* | :- *Bill No. 4/16-17 തീ. 29.11.16. രൂ. 905772/-* |
| *എസ്റ്റിമേറ്റ് തയ്യാറാക്കലും അളവു രേഖപ്പെടുത്തലും* | :- *ശ്രീമതി. ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *മൂല്യ നിർണ്ണയം നടത്തിയത്* | :- *ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *TS നല്കിയതും ചെക്ക മെഷർ നടത്തിയതും* | :- *ശ്രീമതി. ഷൈനി.N<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>മുതുകുളം ബ്ലോക്ക്* |

## 3-3 NH - തറയിൽ മുക്ക് റോഡ് ഗ്രാവലിംഗ് - കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയില്ല

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം. : S0054/17

കരാറുകാരൻ : സന്തോഷ് കുമാർ. N (എസ്റ്റിമേറ്റ് നിരക്കിൽ)

2015-16 ൽ ആരംഭിച്ച NH - തറയിൽ മുക്ക് റോഡ് ഗ്രാവലിംഗ് എന്ന പ്രവൃത്തി 21.10.2015ൽ പൂർത്തീകരിക്കേണ്ടിയിരുന്നതാണ്. ഇതിനായി 22.6.2015 ൽ സ്ഥലം കൈമാറിയെങ്കിലും 28.3.2016 ൽ മാത്രമാണ് പൂർത്തീകരിച്ചത്. ഫൈനൽ ബിൽ നല്കിയത് 2016-17ലും.

2012 ലെ പി.ഡബ്ല്യു.ഡി മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി

സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതില്ല.

(ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10 / 29.6.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.)

ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (22.10.2015മുതൽ 28.3.2016 വരെ, 22.7ആഴ്ച) സെക്ഷൻ 2116.1 അനുസരിച്ച് PAC (170000/-) യുടെ 2.27% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ ഇനത്തിൽ യാതൊരു തുകയും ഈടാക്കിയില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം 3859/- രൂപയുടെ നഷ്ടമുണ്ടായി.

| | |
|---|---|
| അംഗീകൃത PAC | : 170000/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | : 170000 X 2.27%<br>= 3859/- |

ഇതുമൂലം ഉണ്ടായ അധിക ചെലവ് രൂ. 3859/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

.......................................................................................................................

*<u>അനുബന്ധ വിവരങ്ങൾ</u> : -*

| | | |
|---|---|---|
| *പദ്ധതി അടങ്കൽ* | :- | *രൂ.170000/-* |
| *കരാർ നം.* | :- | *15/AE/LSGD/CPD/15-16 തീയതി 18.5.2015* |
| *അളവു പുസ്തകം നം.* | :- | *163/2015-16* |
| *ആകെ മൂല്യം* | :- | *രൂ. 167061/-* |
| *കരാറുകാരന് നല്കിയ തുക* | :- | *രൂ.157033/-* |
| *ബിൽ വിവരങ്ങൾ* | :- | *Bill No.45/15-16 തീ. 31.3.2016 രൂ. 87842/-*<br>*Bill No. 1/2016-17 തീ.30.9.2016രൂ.79219/-* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | :- | *ശ്രീമതി. ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *ഫൈനൽ ബിൽ തുക നല്കിയത്* | : - | *ശ്രീ. അനിൽ കുമാർ. K,അസിസ്റ്റന്റ് എഞ്ചിനീയർ* |

## 3-4 വട്ടപ്പറമ്പിൽ കലുങ്ക് പതിനഞ്ചിൽ കോളനി പടിഞ്ഞാറേക്കര റോഡ് മെറ്റലിംഗ് വാർഡ് 1- അളവു കണക്കാക്കൽ, കോമ്പൻസേഷൻ ഈടാക്കൽ എന്നിവയിൽ ന്യൂനത

പ്രോജക്ട് നം. : 51/17

കരാറുകാരൻ : രമേഷ് കുമാർ. R. (എസ്റ്റിമേറ്റ് നിരക്കിലും 9% കുറച്ച്)

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ട ഈ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടത് 2016-17 വർഷമാണ്. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ സംഭവിച്ചതു മൂലം അധിക ചെലവുണ്ടായി.

a) <u>സ്ക്രീനിംഗ് മെറ്റീരിയലിന് അധിക അളവു അനുവദിച്ചതു മൂലം അധിക ചെലവ്</u>

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DSR പ്രകാരമാണ്. ഇതിൽ മെറ്റലിംഗ് വേലകൾക്കുള്ള സ്ക്രീനിംഗ് മെറ്റീരിയലിന്റെ (Type B, 11.20mm) അളവ് കണക്കാക്കിയതിൽ പിശക് ഉണ്ടായതായും തൻമൂലം അധിക ചെലവ് ഉണ്ടായതായും കാണുന്നു.

2009ലെ CPWD സ്പെസിഫിക്കേഷൻ ഖണ്ഡിക 16.7 അനുസരിച്ചുള്ള പ്രവൃത്തികളാണ് മെറ്റലിംഗ് വേലകളിൽ കാണിച്ചിട്ടുള്ളത്. അതായത് 63-45 mm മെറ്റലും Type B സ്ക്രീനിംഗ് മെറ്റീരിയലും (11.20mm മെറ്റൽ) ഉപയോഗിച്ചുള്ള Base Courseഉം അതിനു മുകളിൽ 53-22.4 mm മെറ്റലും Type B സ്ക്രീനിംഗ് മെറ്റീരിയലും (11.20mm മെറ്റൽ) ഉപയോഗിച്ചുള്ള Surface Courseഉം. അതിനനുസരിച്ചുള്ള ബ്ലൈന്റിംഗ് മെറ്റീരിയൽ ആണ് ഉപയോഗിച്ചത് (@ $0.013/m^2$). എന്നാൽ ഈ പ്രവൃത്തികളിൽ സർഫസ് കോഴ്സുകളിൽ സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് ആവശ്യമായതിലും കൂടിയ അളവിലാണ് കണക്കാക്കിയത്.

ഖണ്ഡിക 16.7.2, TABLE 16.13 അനുസരിച്ച് ബേസ് കോഴ്സിന് ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് $0.20\text{-}0.22m^3/10m^2$ (ശരാശരി $0.21m^3/10m^2$) ഉം, 53-22.4 mm മെറ്റലുപയോഗിച്ചുള്ള സർഫസ് കോഴ്സിന് ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് $0.14\text{-}0.17m^3/10m^2$ (ശരാശരി $0.155m^3/10m^2$) ഉം ആണ്. എന്നാൽ ഇവിടെ സർഫസ് കോഴ്സിന് 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള ബേസ് കോഴ്സിന്റെ നിരക്കിൽ, അതായത് $0.18\text{-}0.21m^3/10m^2$ (ശരാശരി $0.195m^3/10m^2$) ആണ് സ്ക്രീനിംഗ് മെറ്റീരിയൽ അളവ് കണക്കാക്കിയത്.

ഇതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശം ചുവടെ.

| | | |
|---|---|---|
| ആകെ ബേസ് കോഴ്സ് അളവ് (ഇനം 6) | = 72 $m^3$ | = $960m^2$ |
| ആകെ സർഫസ് കോഴ്സ് അളവ് (ഇനം 10) | = $41.52m^3$ | = $553.60m^2$ |
| ടി രണ്ടിനങ്ങൾക്കുമായി ആകെ ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് | | |
| a) ബേസ് കോഴ്സിന് @ $0.21m^3/10m^2$ | = 960 x 0.021 | = 20.16 $m^3$ |
| b) 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള സർഫസ് കോഴ്സിന് @$0.155m^3/10m^2$ | = 553.60 x 0.0155 | = 8.58 $m^3$ |
| | ആകെ | = 28.74 $m^3$ |
| മൂല്യം നിർണ്ണയിക്കപ്പെട്ട സ്ക്രീനിംഗ് മെറ്റീരിയലിന്റ അളവ് (ഇനം 4 & 8) | | = 31.04 $m^3$ |
| അധികമായി അനുവദിക്കപ്പെട്ട അളവ് | = 31.04 – 28.75 | = 2.3 $m^3$ |
| സ്ക്രീനിംഗ് മെറ്റീരിയലിന് അനുവദിക്കപ്പെട്ട നിരക്ക് | | = $2143.39/m^3$ |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | = 2.29 x 2143.39 | = 4929.78 |
| ടെണ്ടർ വ്യത്യാസം കിഴിച്ച കരാറുകാരന് അധികമായി നല്കിയ തുക | | |
| | = 4929.78 – 9% | = 4486/- |

ഇതുമൂലമുണ്ടായ അധിക ചെലവ് രൂ.4486/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

b) <u>കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ്</u>

പ്രവൃത്തിയുടെ പൂർത്തീകരണം കാലാവധി 6 മാസമായിരുന്നു. 29.9.2015 ലാണ് പ്രവൃത്തിക്കായി കരാർ ചമച്ചത്. ഇതനുസരിച്ച് 16.2.2016 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൊതു അഭിപ്രായവും ഗ്രാമപഞ്ചായത്തു തീരുമാനവും അനുസരിച്ച് ആദ്യം ഉദ്ദേശിച്ചിരുന്ന പ്രവൃത്തിയിൽ നിന്നും ടാറിംഗ് ഒഴിവാക്കി എസ്റ്റിമേറ്റ് പുതുക്കുകയും അതിന് 15.4.2016-ൽ പുതുക്കിയ സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. ഈ താമസം കൂടി അംഗീകരിച്ചാലും

14.10.2016-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 20.3.2017 - ൽ മാത്രമാണ്. അധികമായി എടുത്ത സമയം 157 ദിവസം = 22.43ആഴ്ച.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ സെക്ഷൻ 2112 പ്രകാരമുള്ള പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതില്ല.

ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (22.43ആഴ്ചയ്ക്ക്) സെക്ഷൻ 2116.1 അനുസരിച്ച് PACയുടെ 2.243% കോമ്പൻസേഷൻ ഈടാക്കേണ്ടി യിരുന്നു. എന്നാൽ ഈ ഇനത്തിൽ യാതൊരു തുകയും ഈടാക്കിയില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായി.

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | | : 700000/- |
| അംഗീകൃത PAC | 700000 – 9% | : 637000/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | | = 637000X2.243% = 14288/- |

ഇതുമൂലമുണ്ടായ അധിക ചെലവ് രൂ.14288/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണങ്ങൾ നല്കിയെങ്കിലും (നം.8 / 28.6.2017, 10 / 29.6.2017) മറുപടി ലഭ്യമാക്കിയില്ല.

ടി രണ്ട് പരാമർശങ്ങൾ പ്രകാരം അനുവദനീയമല്ലാത്ത തുക (4486 + 14288 = 18774/-) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ / ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

........................................................................................................................

*അനുബന്ധ വിവരങ്ങൾ : -*

| | |
|---|---|
| *സാങ്കേതികാനുമതി നം. (റിവൈസ്ഡ്)* | :- 225/AEE/MBP/15-16 Dtd. 15.4.2016 |
| *കരാർ നം.* | :- 35/AE/LSGD/CPD/2015-16 Dtd. 29.9.2015 |
| *അളവു പുസ്തകം നം.* | :- 176/15-16 |
| *ആകെ മൂല്യം* | :- രൂ. 633976/- |
| *കരാറുകാരന് നല്കിയ തുക* | :- രൂ. 595910/- |
| *ബിൽ വിവരങ്ങൾ* | *:- Bill No. 24/16-17 തീ. 31.3.2017. രൂ.633946/-* |
| *എസ്റ്റിമേറ്റ് തയ്യാറാക്കിയത്* | *:- ശ്രീമതി. ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തിയത്* | *:- ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *TS നല്കിയതും ചെക്കു മെഷർ നടത്തിയതും* | :- *ശ്രീമതി. ഷൈനി.N അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

## 3-5 കണ്ണോലിൽ മുക്ക് - കടക്കശ്ശേരിൽ റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ് വാർഡ് 14 - അളവു കണക്കാക്കൽ, കോമ്പൻസേഷൻ ഈടാക്കൽ എന്നിവയിൽ ന്യൂനത

പ്രോജക്ട് നം. : 50/17

കരാറുകാരൻ : രമേഷ്. S (എസ്റ്റിമേറ്റ് നിരക്കിലും 13.5% കുറച്ച്)

2015-16വർഷം ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ട ഈ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടത് 2016-17 വർഷമാണ്. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെ പറയുന്ന ന്യൂനതകൾ സംഭവിച്ചതു മൂലം അധിക ചെലവുണ്ടായി.

a) സ്ക്രീനിംഗ് മെറ്റീരിയലിന് അധിക അളവു അനുവദിച്ചതു മൂലം അധിക ചെലവ്

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DSR പ്രകാരമാണ്. ഇതിൽ മെറ്റലിംഗ് വേലകൾക്കുള്ള സ്ക്രീനിംഗ് മെറ്റീരിയലിന്റെ (Type B, 11.20mm) അളവ് കണക്കാക്കിയതിൽ പിശക് ഉണ്ടായതായും തൻമൂലം അധിക ചെലവ് ഉണ്ടായതായും കാണുന്നു.

2009ലെ CPWD സ്പെസിഫിക്കേഷൻ ഖണ്ഡിക 16.7 അനുസരിച്ചുള്ള പ്രവൃത്തികളാണ് മെറ്റലിംഗ് വേലയാണ് കാണിച്ചിട്ടുള്ളത്. ഇവിടെ 63-45mm ഉപയോഗിച്ചുള്ള സർഫസ് കോഴ്സ് ആണ് നടത്തിയത്. അതിനനുസരിച്ചുള്ള ബ്ലൈന്റിംഗ് മെറ്റീരിയൽ ആണ് ഉപയോഗിച്ചത് (ഇനം 5, @ 0.013/$m^2$). എന്നാൽ സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് ആവശ്യമായതിലും കൂടിയ അളവിലാണ് കണക്കാക്കിയത്.

ഖണ്ഡിക 16.7.2, TABLE 16.13 അനുസരിച്ച് 63-45mm ഉപയോഗിച്ചുള്ള സർഫസ് കോഴ്സിന് 0.16-0.18$m^3$/10$m^2$ (ശരാശരി 0.17$m^3$/10$m^2$) ആണ് സ്ക്രീനിംഗ് മെറ്റീരിയൽ ആവശ്യം. എന്നാൽ ഇവിടെ സർഫസ് കോഴ്സിന് 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള ബേസ് കോഴ്സിന്റെ നിരക്കിൽ, അതായത് 0.18-0.21$m^3$/10$m^2$ (ശരാശരി 0.195$m^3$/10$m^2$) ആണ് സ്ക്രീനിംഗ് മെറ്റീരിയൽ അളവ് കണക്കാക്കിയത്.

സ്ക്രീനിംഗ് മെറ്റീരിയൽ അളവ് തെറ്റായി നിർണ്ണയിച്ചതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശം ചുവടെ.

| | | |
|---|---|---|
| ആകെ സർഫസ് കോഴ്സ് അളവ്, 63-45mm ഉപയോഗിച്ച്(ഇനം 6) | = 60.09$m^3$ | = 801.20$m^2$ |
| ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് @ 0.17$m^3$/10$m^2$ | = 801.20 x 0.017 | = 13.62$m^3$ |
| മൂല്യം നിർണ്ണയിക്കപ്പെട്ട സ്ക്രീനിംഗ് മെറ്റീരിയലിന്റ അളവ് (ഇനം 4) | | = 16.82 $m^3$ |
| അധികമായി അനുവദിക്കപ്പെട്ട അളവ് | = 16.82 – 13.62 | = 3.20 $m^3$ |
| സ്ക്രീനിംഗ് മെറ്റീരിയലിന് അനുവദിക്കപ്പെട്ട നിരക്ക് | | = 2143.39/$m^3$ |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | = 3.20 x 2143.39 | = 6858.85 |
| ടെണ്ടർ വ്യത്യാസം കിഴിച്ച് കരാറുകാരന് അധികമായി നല്കിയ തുക | | |
| | = 6858.85–13.50% | = 5933/- |

ഇതുമൂലമുണ്ടായ അധിക ചെലവ് രൂ. 5933/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

b) കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ്

പ്രവൃത്തിയുടെ പൂർത്തീകരണം കാലാവധി 6 മാസമായിരുന്നു. 17.8.2015 ലാണ് പ്രവൃത്തിക്കായി കരാർ ചമച്ചത്. ഇതനുസരിച്ച് 16.2.2016ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 4.7.2016ൽ മാത്രമാണ്. അധികമായി എടുത്ത സമയം 139 ദിവസം = 19.9ആഴ്ച.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ സെക്ഷൻ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്ന തെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ സെക്ഷൻ 2112 പ്രകാരമുള്ള പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്യുതില്ല.

ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (19.9ആഴ്ചയ്ക്ക്) സെക്ഷൻ 2116.1 അനുസരിച്ച് PACയുടെ 1.99% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ ഇനത്തിൽ കേവലം 2622/ രൂപ മാത്രമാണ് ഈടാക്കിയത്. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായി.

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | | : 417000/- |
| അംഗീകൃത PAC | 417000 – 13.50% | : 360705/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | | = 360705 X 1.99%= 7178/- |
| ഈടാക്കിയതിൽ കുറവ് | | = 7178 – 2622= 4556/- |

ഇതുമൂലമുണ്ടായ അധിക ചെലവ് രൂ, 4556/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണങ്ങൾ നല്കിയെങ്കിലും (നം.8/28.6.2017, 10/29.6.2017) മറുപടി ലഭ്യമാക്കിയില്ല.

ടി രണ്ട് പരാമർശങ്ങൾ പ്രകാരം അനുവദനീയമല്ലാത്ത തുക (5933 + 4556 = 10489/-) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ/ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

..............................................................................................................................

*അനുബന്ധ വിവരങ്ങൾ : -*

| | |
|---|---|
| *സാങ്കേതികാനുമതി നം.* | :- 219/AEE/MBP/15-16 Dtd. 19.6.2015 |
| *കരാർ നം.* | :- 13/AE/LSGD/CPD/2015-16 Dtd. 17.8.2015 |
| *അളവു പുസ്തകം നം* | :- 154/15-16 |
| *ആകെ മൂല്യം* | :- രൂ. 262220/- |
| *കരാറുകാരന് നല്കിയ തുക* | :- രൂ. 243865/- |
| *ബിൽ വിവരങ്ങൾ* | :- *Bill No. 7/16-17 തീ. 20.3.2017. രൂ. 262220/-* |
| *എസ്റ്റിമേറ്റ് തയ്യാറാക്കലും അളവു രേഖപ്പെടുത്തലും* | :- *ശ്രീമതി. ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *മൂല്യ നിർണ്ണയം നടത്തിയത്* | :- *ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *TS നല്കിയതും ചെക്കു മെഷർ നടത്തിയതും* | :- *ശ്രീമതി. ഷൈനി.N അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

## 3-6 മുറിയാമൂട് - പള്ളിക്കൽ ചിറ റോഡ് റോഡ് ഗ്രാവലിംഗ് & മെറ്റലിംഗ് വാർഡ് 1 - അളവു കണക്കാക്കൽ, കോമ്പൻസേഷൻ ഈടാക്കൽ എന്നിവയിൽ ന്യൂനത

പ്രോജക്ട് നം. : 53/17

കരാറുകാരൻ : രമേഷ്. S (എസ്റ്റിമേറ്റ് നിരക്കിലും 13.5% കുറച്ച്)

2015-16 വർഷം ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപ്പെട്ട ഈ പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടത് 2016-17 വർഷമാണ്.

ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെ പ്പറയുന്ന ന്യൂനതകൾ സംഭവിച്ചതു മൂലം അധിക ചെലവുണ്ടായി.

a) സ്ക്രീനിംഗ് മെറ്റീരിയലിന് അധിക അളവു അനുവദിച്ചതു മൂലം അധിക ചെലവ്

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് DSR പ്രകാരമാണ്. ഇതിൽ മെറ്റലിംഗ് വേലകൾക്കുള്ള സ്ക്രീനിംഗ് മെറ്റീരിയലിന്റെ (Type B, 11.20mm) അളവ് കണക്കാക്കിയതിൽ പിശക് ഉണ്ടായതായും തൻമൂലം അധിക ചെലവ് ഉണ്ടായതായും കാണുന്നു.

2009ലെ CPWD സ്പെസിഫിക്കേഷൻ ഖണ്ഡിക 16.7 അനുസരിച്ചുള്ള പ്രവൃത്തികളാണ് മെറ്റലിംഗ് വേലയായി കാണിച്ചിട്ടുള്ളത്. ഇവിടെ 63-45mm ഉപയോഗിച്ചുള്ള സർഫസ് കോഴ്സ് ആണ് നടത്തിയത്. അതിനനുസരിച്ചുള്ള ബ്ലൈന്റിംഗ് മെറ്റീരിയൽ ആണ് ഉപയോഗിച്ചത് (ഇനം.5 @ 0.013/$m^2$). എന്നാൽ സ്ക്രീനിംഗ് മെറ്റീരിയലിന്റെ അളവ് ആവശ്യമായതിലും കൂടിയ അളവിലാണ് കണക്കാക്കിയത്.

ഖണ്ഡിക 16.7.2, TABLE 16.13 അനുസരിച്ച് 63-45mm ഉപയോഗിച്ചുള്ള സർഫസ് കോഴ്സിന് 0.16-0.18$m^3$/10$m^2$ (ശരാശരി 0.17$m^3$/10$m^2$) ആണ് സ്ക്രീനിംഗ് മെറ്റീരിയൽ ആവശ്യം. എന്നാൽ ഇവിടെ സർഫസ് കോഴ്സിന് 53-22.4 mm മെറ്റൽ ഉപയോഗിച്ചുള്ള ബേസ് കോഴ്സിന്റെ നിരക്കിൽ, അതായത് 0.18-0.21$m^3$/10$m^2$ (ശരാശരി 0.195$m^3$/10$m^2$) ആണ് സ്ക്രീനിംഗ് മെറ്റീരിയൽ അളവ് കണക്കാക്കിയത്.

സ്ക്രീനിംഗ് മെറ്റീരിയൽ അളവ് തെറ്റായി നിർണ്ണയിച്ചതു മൂലം കരാറുകാരന് അധിക തുക നല്കാനിടയായിട്ടുണ്ട്. വിശദാംശം ചുവടെ.

| | | |
|---|---|---|
| ആകെ സർഫസ് കോഴ്സ് അളവ്, 63-45mm ഉപയോഗിച്ച്(ഇനം 6) | = 58.61$m^3$ | = 781.50$m^2$ |
| ആവശ്യമായ സ്ക്രീനിംഗ് മെറ്റീരിയൽ അളവ് @ 0.17$m^3$/10$m^2$ | = 781.50 x 0.017 | = 13.30$m^3$ |
| മൂല്യം നിർണ്ണയിക്കപ്പെട്ട സ്ക്രീനിംഗ് മെറ്റീരിയലിന്റ അളവ് (ഇനം 4) | | = 16.80 $m^3$ |
| അധികമായി അനുവദിക്കപ്പെട്ട അളവ് | = 16.80 – 13.30 | = 3.50 $m^3$ |
| സ്ക്രീനിംഗ് മെറ്റീരിയലിന് അനുവദിക്കപ്പെട്ട നിരക്ക് | | = 2143.39/$m^3$ |
| അധികമായി നിർണ്ണയിക്കപ്പെട്ട മൂല്യം | = 3.50 x 2143.39 | = 7501.87 |
| ടെണ്ടർ വ്യത്യാസം കിഴിച്ച കരാറുകാരന് അധികമായി നല്കിയ തുക | | |
| | = 7501.87–13.50% | = 6489/- |

ഇതുമൂലമുണ്ടായ അധിക ചെലവ് രൂ. 6489/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

b) കാലതാമസത്തിന് കോമ്പൻസേഷൻ ഈടാക്കിയതിൽ കുറവ്

പ്രവൃത്തിയുടെ പൂർത്തീകരണം കാലാവധി 6 മാസമായിരുന്നു. 17.8.2015 ലാണ് പ്രവൃത്തിക്കായി കരാർ ചമച്ചത്. ഇതനുസരിച്ച് 16.2.2016 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 4.7.2016-ൽ മാത്രമാണ്. അധികമായി എടുത്ത സമയം 139 ദിവസം = 19.9ആഴ്ച.

2012 ലെ പി.ഡബ്ല്യൂ.ഡി മാനവൽ സെക്ഷൻ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് പ്രതിവാരം PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.

എന്നാൽ ഇവിടെ കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ സെക്ഷൻ 2112 പ്രകാരമുള്ള പിഴ ഒടുക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതില്ല.

ആയതിനാൽ നിർദ്ദിഷ്ട കാലാവധിക്കു ശേഷമുള്ള കാലഘട്ടത്തിന് (19.9ആഴ്ചയ്ക്ക്) സെക്ഷൻ 2116.1 അനുസരിച്ച് PACയുടെ 1.99% കോമ്പൻസേഷൻ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഈ ഇനത്തിൽ കേവലം 2468/ രൂപ മാത്രമാണ് ഈടാക്കിയത്. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായി.

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | | : 400000/- |
| അംഗീകൃത PAC | 400000 – 13.50% | : 346000/- |
| കോമ്പൻസേഷൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | | = 346000 X 1.99% = 6885/- |
| ഈടാക്കിയതിൽ കുറവ് | | = 6885 – 2468= 4417/- |

ഇതുമൂലമുണ്ടായ അധിക ചെലവ് രൂ. 4417/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ടി ന്യൂനതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണങ്ങൾ നല്കിയെങ്കിലും (നം.8/28.6.2017, 10/29.6.2017) മറുപടി ലഭ്യമാക്കിയില്ല.

ടി രണ്ട് പരാമർശങ്ങൾ പ്രകാരം അനുവദനീയമല്ലാത്ത തുക (6489 + 4417 = 10906/-) കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ / ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്.

*അനുബന്ധ വിവരങ്ങൾ : -*

| | |
|---|---|
| *സാങ്കേതികാനുമതി നം.* | :- 236/AEE/MBP/15-16 Dtd. 22.6.2015 |
| *കരാർ നം.* | :- 14/AE/LSGD/CPD/2015-16 Dtd. 17.8.2015 |
| *അളവു പുസ്തകം നം* | :- 155/15-16 |
| *ആകെ മൂല്യം* | :- രൂ. 246824/- |
| *കരാറുകാരന് നല്കിയ തുക* | :- രൂ. 229547/- |
| *ബിൽ വിവരങ്ങൾ* | :- *Bill No. 8/16-17 തീ. 30.3.2017. രൂ. 246824/-* |
| *എസ്റ്റിമേറ്റ് തയ്യാറാക്കലും അളവു രേഖപ്പെടുത്തലും* | :- *ശ്രീമതി. ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *മൂല്യ നിർണ്ണയം നടത്തിയത്* | :- *ശ്രീ. അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ* |
| *TS നല്കിയതും ചെക്കു മെഷർ നടത്തിയതും* | :- *ശ്രീമതി. ഷൈനി.N അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക്* |

## 3-7 യുവ ജനങ്ങൾക്ക് ഓട്ടോ റിക്ഷാ നൽകൽ - വാങ്ങൽ രേഖകൾ ഇല്ല

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ഓട്ടോറിക്ഷാ /പിക്അപ് വാഹനം നൽകൽ പദ്ധതിയിൽ (പ്രോ. നം. S043/17) 50000/-രൂപ ബിൽ നം. 25/16-17തീയതി 31.3.17പിൻവലിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ശ്രീ.സൈജു, പറമ്പിലേത്ത് വീട്, ചേപ്പാട് എന്ന ഗുണഭോക്താവ് ഓട്ടോറിക്ഷാ വാങ്ങിയതായുള്ള രേഖകൾ (ആർ.സി. ബുക്ക്, ഇൻഷ്വറൻസ് അടച്ചതിന്റെ രേഖകൾ), ലോൺ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ തുടങ്ങിയവ ഫയലിൽ ലഭ്യമല്ലായിരുന്നു. ഇവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (നം.15.തീയതി.01.07.2017) മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ സബ്സിഡിയായി അനുവദിച്ച 50000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുകയോ തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-8 പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ഇരുചക്ര വാഹനം - വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് ഇരുചക്ര വാഹനം നൽകൽ പദ്ധതി (പ്രോജക്ട് നം. S043/17) പ്രകാരം 66717/-രൂപ (49321/-ബിൽ നം. 19/16-17തീയതി 31.3.17, 17396/- ബിൽ നം. 24/16-17തീയതി 31.3.17) രൂപ പിൻവലിച്ച് നാല് ഗുണഭോക്താക്കൾക്ക് ടൂ വീലർ നൽകുന്നതിനായി ആയിരത്ത് യമഹ മോട്ടോർസ്, കരീലകുളങ്ങര എന്ന സ്ഥാപനത്തിന് 25.03.2017 തീയതിയിൽ നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിൽ തൊഴിൽരഹിതരോ ഇരുചക്ര വാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വിൽപ്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം ഗുണഭോക്താക്കൾ എന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ നിത്യ.വി, സുനിൽഭവനം, ചേപ്പാട്; ലതാ ജയൻ, കൊപ്പാറ പടീറ്റതിൽ, മുട്ടം; സൗമ്യാ രാജൻ, ബിനുഭവനം, ഏവൂർ; ശശികല, കണ്ണമ്പള്ളിൽ, ഏവൂർ എന്നീ വ്യക്തികൾ ഇരുചക്രവാഹനം വാങ്ങിയതായുള്ള രേഖകൾ (ആർ.സി. ബുക്ക്, ഇൻഷ്വറൻസ് അടച്ചതിന്റെ രേഖകൾ) സൂക്ഷിച്ചിട്ടില്ല. ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള വാഹന ഷോറൂമിലെ കൈപ്പറ്റ് രസീതിലെ തീയതിയും ബിൽ ബുക്ക് പ്രകാരം തുക പിൻവലിച്ച തീയതിയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. തുക പിൻവലിച്ചത് 31.03.2017 ലാണ് എന്നാൽ ഷോറൂമിലെ കൈപ്പറ്റ് രസീതിൽ 25.03.17 എന്ന തീയതിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക ട്രഷറി ബിൽ മുഖേന പിൻവലിക്കുന്നതിന് മുമ്പുള്ള തീയതിയിൽ ഷോറൂമിൽ തുക അടച്ചതെങ്ങനെയെന്ന് വ്യക്തമല്ല. വാഹനം വാങ്ങിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച 66717/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുകയോ തുക തിരികെ അടക്കുകയോ ചെയ്യേണ്ടതാണ്.

## 3-9 പട്ടികജാതി ഭൂമി വാങ്ങൽ - രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജ നം. S0029/17

ഭവന രഹിതരും ഭൂരഹിതരും ആയ പട്ടികജാതി കുടുംബങ്ങൾക്ക് പാർപ്പിട നിർമ്മാണത്തിന് ഗ്രാമപ്രദേശങ്ങളിൽ മൂന്ന് സെന്റ് എന്ന പരിധിക്കു വിധേയമായി സെന്റ് ഒന്നിന് 50000/-രൂപ വരെ സബ്സിഡിയായി നൽകി വസ്തു വാങ്ങുന്ന പദ്ധതി പ്രകാരം 300000/-രൂപ (ബിൽ നം.16/18.3.17, 28/31.03.17) ശ്രീ.വിനേഷ്, പതിനഞ്ചിൽ; ശ്രീ.ശാന്തമ്മ, അഞ്ജലി ഭവനം എന്നീ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 78573/ഡിസി - 1/08 തസ്വഭവ തീയതി 11.06.2009 പ്രകാരം ഇത്തരത്തിൽ വാങ്ങി നൽകുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം 12 വർഷത്തേക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കുമെന്ന് ആധാരത്തിൽ വ്യവസ്ഥ ചെയ്യണമെന്നും, ഗുണഭോക്താവിന് ആ ഭൂമിയിൽ കൈവശാവകാശം മാത്രമേ ഉണ്ടായിരിക്കുകയുള്ളു എന്നും വ്യവസ്ഥ ചെയ്ത് ഭൂമി സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തി യഥാർത്ഥ ആധാരം പഞ്ചായത്തിൽ തന്നെ സൂക്ഷിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഈ സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടതായി കാണുന്നില്ല. കൂടാതെ വസ്തുവിന്റെ യഥാർത്ഥ ആധാരത്തിന്റെ പകർപ്പ്, വസ്തു നൽകിയ ആൾ തുക കൈപ്പറ്റിയതിന്റെ രേഖകൾ, വസ്തുവിന്റെ കരം ഒടുക്ക് രേഖകൾ തുടങ്ങിയവയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതിന് ഓഡിറ്റ് അന്വേഷണം (നം.12 തീയതി.29.06.2017) നൽകിയതിന് മറുപടി നൽകിയില്ല.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകൾ ഹാജരാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 300000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുകയോ തുക തിരികെ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 മരുന്നുകൾ യഥാസമയം ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആശുപത്രികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായി ഓഡിറ്റ് കാലയളവിലും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ബിൽ നം/ തീയതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പാലിയേറ്റീവ് കെയർ | S0014/17 | 2/27.2.17 | 124000 | കേരള മെഡിക്കൽ സർവ്വീസസ് കേർപ്പറേഷൻ | |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ആയുർവേദ ആശുപത്രിയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് മരുന്ന വാങ്ങൽ | S0074/17 | 2/24.3.17 | 172341 | ഔഷധി, കുട്ടനെല്ലൂർ | (**) |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | S0019/17 | 1/31.12.16 | 121838 | ഹോംകോ, ആലപ്പുഴ | |
| ആകെ | | | | | 418179 | | |

(**മരുന്നുകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുള്ള മെഡിക്കൽ ഓഫീസറുടെ കത്ത് സ്ഥാപനത്തിന് നൽകിയിട്ടുണ്ട്).

നാളിതുവരെ മരുന്നുകൾ ലഭിക്കാതിരുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ പി.എച്ച്.സി, മെഡിക്കൽ ഓഫീസർ ആയുർവേദം, മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവർക്ക് ഓഡിറ്റ് അന്വേഷണം (നം. 3, 4, 5തീയതി 28.6.17) നൽകിയിരുന്നു. ഇതിന്മേൽ മെഡിക്കൽ ഓഫീസർ ആയുർവേദം ഹാജരാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധിയിൽ കത്ത് നൽകിയിട്ടുള്ളതായി രേഖപ്പെടുത്തി യിരിക്കുന്നു. എന്നാൽ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആകെ ചെലവഴിച്ച 418179/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 പാലിയേറ്റീവ് കെയർ രേഖകൾ സൂക്ഷിക്കുന്നതിലെ ന്യൂനതകൾ

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി )

പാലിയേറ്റീവ് കെയർ പ്രോജക്ട് (S0014/17) പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ഭവന സന്ദർശനത്തിനായി ഉപയോഗിച്ചിരുന്ന വാഹനത്തിന്റെ വാടക ഇനത്തിൽ 28800രൂപ (ബിൽ നം. 2/27.2.17) ചെലവഴിച്ചിട്ടുണ്ട്. ടി തുക ഡ്രൈവർ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഭവന സന്ദർശനം നടത്തിയ തീയതികളിൽ വാഹന ഡ്രൈവർ തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബില്ലുകൾ മാറിയത് ഇതിന് ശേഷമുള്ള തീയതികളിലാണ്. തുക പിൻവലിക്കാതെ തുക കൈപ്പറ്റിയതായി ഡ്രൈവറിൽ നിന്ന് രസീത് വാങ്ങിയത് ക്രമ പ്രകാരമുള്ള നടപടിയല്ല.

2) ഭവന സന്ദർശനം നടത്തിയ ടീമിലുൾപ്പെട്ടവർക്ക് ഭക്ഷണം നൽകിയതുമായി ബന്ധപ്പെട്ട് ഹോട്ടലുടമ ഹാജരാക്കിയ രസീതിൽ ഏതൊക്കെ തീയതികളിൽ എത്ര പേർ ഭക്ഷണം കഴിച്ചു എന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | തുക | ബിൽ നം./തീയതി |
|---|---|---|
| ഏപ്രിൽ 2016 മുതൽ സെപ്റ്റംബർ 2016 വരെ | 7740 | 2/27.2.17 |
| ഒക്ടോബർ 2016 മുതൽ ഡിസംബർ 2016 വരെ | 5000 | |
| ജനവരി 2017 മുതൽ മാർച്ച് 2017 വരെ | 9000 | 3/27.3.17 |

| | | |
|---|---|---|
| ആകെ | 21740 | |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/27.6.17) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ വാഹന വാടക ഇനത്തിൽ ചെലവഴിച്ച 28800/-രൂപയും ഭക്ഷണത്തിനായി ചെലവഴിച്ച 21740/- രൂപയും ഉൾപ്പടെ 50540/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 സാക്ഷരതാ തുല്യതാ പരീക്ഷ - ചെലവു രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം : പ്രധാനാദ്ധ്യാപകൻ

സാക്ഷരതാ തുല്യതാ പഠനം (പ്രോജക്ട് നം. S0006/17) പ്രോജക്ടിന്റെ ഭാഗമായി 12 പഠിതാക്കളുടെ ഫീസായി 2100 രൂപാ വീതം ആകെ 25200 രൂപ (ബിൽ നം.2/15.3.17) സാക്ഷരതാമിഷനിൽ അടയ്ക്കുന്നതിനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, തുക ആവശ്യപ്പെട്ട് സാക്ഷരതാ മിഷൻ ഹാജരാക്കിയ കത്ത്, ഫീസ് അടച്ചതായുള്ള രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള ( നം.7/27.6.17) മറുപടിയിൽ രേഖകൾ പിന്നീട് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നു. ഇക്കാരണത്താൽ സാക്ഷരതാ തുല്യതാ പരീക്ഷയ്ക്കായി ചെലവഴിച്ച 25200/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആദ്യമറുപടിക്കൊപ്പം രേഖകൾ ഹാജരാക്കുന്നില്ലെങ്കിൽ ചെലവു തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## 3-13 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്കായി ഫർണ്ണിച്ചറുകൾ വാങ്ങിയത് - വിതരണം ചെയ്തിട്ടില്ല

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യത്തിലേക്ക് മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതമുപയോഗിച്ച് പ്രോജക്ട് നം.93/17 പ്രകാരം ഫർണ്ണിച്ചറുകൾ വാങ്ങിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ സംഭവിച്ചിട്ടുണ്ട്.

എ) ഫർണ്ണിച്ചറുകൾ വാങ്ങുന്നതിന് മുൻപായി അവയുടെ ആവശ്യകത നിശ്ചയിക്കേണ്ടി യിരുന്നു. എന്നാൽ ആവശ്യകത നിർണ്ണയിച്ചിട്ടില്ല.

ബി) ടെന്റർ ക്ഷണിച്ചതിൽ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

സി) തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ്, കോഴഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിരുന്നത്. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം |
|---|---|
| അലമാര | 10 |
| മേശ | 20 |
| ബെഞ്ച് | 35 |
| ഡെസ്ക് | 35 |
| പ്ലാസ്റ്റിക് കസേര (കൈയുള്ളത്) | 50 |
| പ്ലാസ്റ്റിക് കസേര (കയ്യില്ലാത്തത്) | 200 |

ഇവ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പ്രധാനാദ്ധ്യാപകൻ ഒഴികെ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ ആരും തന്നെ ഉപകരണങ്ങൾ കൈപ്പറ്റിയിട്ടില്ല. മാത്രമല്ല, പ്രധാനാദ്ധ്യാപകൻ കൈപ്പറ്റിയ 35 ബെഞ്ചുകളും 35 ഡെസ്കുകളും മറ്റ് സ്കൂളുകളിൽ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുമില്ല.

വാങ്ങിയ ഉപകരണങ്ങളിൽ 10 അലമാരകൾ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി ബോദ്ധ്യപ്പെട്ടു. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ അതാത് സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാതിരുന്നതിന് കാരണം വ്യക്തമല്ല. വിതരണം ചെയ്തിട്ടില്ലാത്ത മറ്റ് ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുള്ളത് എവിടെ എന്ന് വ്യക്തമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/1.7.17) അലമാര, ബെഞ്ച്, ഡെസ്ക് എന്നിവ ഒഴികെയുള്ള ഉപകരണങ്ങൾ പഴയ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചിരുന്നു. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ഇക്കാരണത്താൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 437651/- രൂപ (ബിൽ നം. 26/31.3.17) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 നിർവ്വഹണ ഏജൻസികൾ മുഖേനയുള്ള പദ്ധതി നടത്തിപ്പ് - നല്കിയ തുക നിക്ഷേപമായി തുടരുന്നു

നിർവ്വഹണം : സെക്രട്ടറി

വിവിധ പ്രവർത്തികൾ നടപ്പാക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിരുന്നു. എന്നാൽ ടി തുകകൾ നാളിതുവരെ ചെലവഴിക്കാതെ നിക്ഷേപങ്ങളായി തുടരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് അറ്റകുറ്റ പ്പണികളും മീറ്റർ സ്ഥാപിക്കലും | കെ.എസ്.ഇ.ബി | 379720 | 24/31.3.17 |
| 2 | പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 8148 | 25/31.3.17 |
| 3 | പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 14695 | |
| 4 | പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ്, നെറ്റ് വർക്കിംഗ്, S033/17 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് | 1051270 | 18/10.3.17 |
| 5 | പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ്, നെറ്റ് വർക്കിംഗ്, S033/17 | പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, കോട്ടയം | 134775 | 19/10.3.17 |
| 6 | പൈപ്പ് ലൈൻ നീട്ടൽ,S0107/17 | വാട്ടർ അതോറിറ്റി | 337000 | 16/28.2.17 17/28.2.17 |
| ആകെ | | | 1925608 | |

മേൽ പ്രവർത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകകൾ വിനിയോഗിക്കപ്പെടാതെ നിക്ഷേപമായി തുടരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.13/1.7.17)ന് യാതൊരു മറുപടിയും ഹാജരാക്കാതിരുന്ന സാഹചര്യത്തിൽ ആകെ ചെലവഴിച്ച 1925608/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണം : വെറ്ററിനറി സർജൻ

ഗ്രാമ പഞ്ചായത്തിൽ കന്നുകുട്ടി പരിപാലനം പ്രോജക്ട് (നം. S0034/17) നടപ്പാക്കുന്നതിനായി വെറ്ററിനറി സർജൻ മുഖേന 187500 ( ബിൽ നം.3/04.03.17) രൂപ കാഫ് ഫീഡ് സബ്സിഡി അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 187500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

വാർഷിക കണക്കിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു.

1. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്ററ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക കണക്ക് ഷെഡ്യൂൾ I-1 പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 737800 രൂപ ഡിമാന്റുണ്ട്. ഷെഡ്യൂൾ RP-1 പ്രകാരം 725700 രൂപ മാത്രമേ പിരിച്ചിട്ടുള്ളൂ. എന്നാൽ പിരിച്ചെടുക്കാനുള്ള 12100 രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B- 15 ൽ രേഖപ്പെടുത്തിയിട്ടില്ല.

3.വാർഷിക കണക്കിൽ സാംഖ്യ സമ്പ്രദായം നിലവിൽ വരുന്നതിന് മുൻപുള്ള ആസ്തികൾ തിട്ടപ്പെടുത്തി നൽകിയിട്ടില്ല.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 65412 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 65412 | 0 |
| ജില്ലാ പഞ്ചായത്ത് | 90000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 67500 | 22500 |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ഡയറി ഫാം | 150000 | 0 |
| കേന്ദ്ര വിഹിതം | 317612 (2015-16 ൽ ലഭിച്ച തുക) | പൂരക പോഷകാഹാരം | 111303 | 206309 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തീയതി | മുൻകൂർ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ആന്റ് മീറ്റർ ഇൻസ്റ്റലേഷൻ | 24/31.3.17 | 379720 | 0 | 379720 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 25/31.3.17 | 8148 | 0 | 8148 |
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 25/31.3.17 | 14695 | 0 | 14695 |
| ഫോറസ്റ്റ് ഇൻഡസ്ട്രീസ് | പഞ്ചായത്ത് ഓഫീസ് ഫർണിഷിംഗ് | 18/10.3.17 | 105120 | 0 | 105120 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 16/28.2.17<br>17/28.2.17 | 300000<br>37000 | 0 | 337000 |
| PWD ഇലക്ട്രോണിക്സ് സബ് ഡിവിഷൻ, കോട്ടയം | നെറ്റ് വർക്കിംഗ് | 19/10.3.17 | 134775 | 0 | 134775 |

4-4മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5 വായ്പ / വായ്പ തിരിച്ചടവ്

--ഇല്ല--

4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 84599/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | 3-2 | 84599 | ഹരികുമാർ | 116011-04454/28.3.17 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2.18 | 2002-04 | 2.18 | പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച് | സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 1999-2000 | 2.20 | 2003-04 | 2-20 | റോഡ് സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥി ച്ചിട്ടുണ്ട്. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42564625/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36139100/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57310 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3461395 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2(1) | - | 5497 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഷൈനി.N,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2(2) | - | 3923 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഷൈനി.N, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2(3) | - | 3862 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഷൈനി.N, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-3 | - | 3859 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4(a) | - | 4486 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഷൈനി.N,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4(b) | - | 14288 | അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5(a) | - | 5933 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഷൈനി.N,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-5(b) | - | 4556 | അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-6(a) | - | 6489 | ഷീല.S, അസിസ്റ്റന്റ് എഞ്ചിനീയർ<br>ഷൈനി.N,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-6(b) | - | 4417 | അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 57310 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 50000 | ശ്രീമതി.ലതിക.ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 66717 | ശ്രീമതി.ലതിക.ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 300000 | ശ്രീമതി.ലതിക.ജെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10(1) | 124000 | ഡോ.സ്മിത.എൻ.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-10(2) | 172341 | ഡോ.മനോജ്, ആയുർവേദ മെഡിക്കൽ ഓഫീസർ |
| 3-10(3) | 121838 | ഡോ.കൃഷ്ണേന്ദു, ഹോമിയോ മെഡിക്കൽ ഓഫീസർ |
| 3-11 | 50540 | ഡോ.അഖിൽ, മെഡിക്കൽ ഓഫീസർ, അലോപ്പതി |
| 3-12 | 25200 | ശ്രീമതി.ജയ.ബി, പ്രധാനാദ്ധ്യാപിക.(എൽ.പി.എസ്) |
| 3-13 | 437651 | ശ്രീ.ഉല്ലാസ് കുമാർ, ,സെക്രട്ടറി |
| 3-14 | 1925608 | ശ്രീ.ഉല്ലാസ് കുമാർ, ,സെക്രട്ടറി |
| 3-15 | 187500 | ഡോ. രേഖാസാഗർ, വെറ്ററിനറി സർജൻ |
| ആകെ | 3461395 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഉല്ലാസ് കുമാർ, സെക്രട്ടറി | സെക്രട്ടറി, ചേപ്പാട് ഗ്രാമപഞ്ചായത്ത് | മണിമന്ദിരം, താമല്ലാക്കൽ പി.ഒ, ഹരിപ്പാട് |
| ശ്രീമതി.ലതിക.ജെ, | അസിസ്റ്റന്റ് സെക്രട്ടറി, ചീക്കോട് പഞ്ചായത്ത്, മലപ്പുറം | സൗപർണ്ണിക, പുതുക്കണ്ടം പി.ഒ, ഹരിപ്പാട് |
| ഡോ. സ്മിത.എൻ.എസ്, മെഡിക്കൽ ഓഫീസർ, അലോപ്പതി | | ഗോവിന്ദ ഭവനം, പുള്ളിക്കണക്ക് പി.ഒ, കായംകുളം |
| ശ്രീമതി.ഷീല. അസിസ്റ്റന്റ് എഞ്ചിനീയർ | | രാജീവം, ഗുരുജി റോഡ്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| ശ്രീ. അനിൽകുമാർ അസിസ്റ്റന്റ് എഞ്ചിനീയർ | | കുന്നംപുറത്ത് വീട് , പുലിയൂർ, പരിത്തികുഴി. പി.ഒ, നെടുമങ്ങാട് |
| രേഖാസാഗർ,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, ചേപ്പാട് | നന്ദനം, പെരിങ്ങാല പി.ഒ, കായംകുളം. |
| ശ്രീമതി.ജയ.ബി,പ്രധാനാദ്ധ്യാപിക (എൽ.പി.എസ്) | | ഇന്ദ്രപ്രസ്ഥം, നങ്ങ്യാർകുളങ്ങര പി.ഒ, ഹരിപ്പാട് |
| ശ്രീമതി. ഷൈനി എൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | | മംഗലശ്ശേരിൽ, ഹൗസ് നം.81,<br>ശങ്കർ നഗർ, കൊല്ലം-1 |
| ഡോ. കൃഷ്ണേന്ദു, ഹോമിയോ മെഡിക്കൽ ഓഫീസർ | | ഇന്ദീവരം,പൂവൻ പാറ, ആറ്റിങ്ങൽ, തിരുവനന്തപുരം |
| ഡോ.മനോജ്, ആയുർവേദ മെഡിക്കൽ ഓഫീസർ | ആയുർവേദ മെഡിക്കൽ ഓഫീസർ, ചേപ്പാട് | പുളിയിലേത്ത് വടക്കെ മഠം,<br>തുലാംപറമ്പ് തെക്ക്, ഹരിപ്പാട് പി.ഒ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98<br>(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |

| | |
|---|---|
| 2006-07 | എൽ.എഫ്.ജി.എ5-1577/14, തീ. 15.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.എ.പി4-496/13, തീ. 12.08.2013 |
| 2011-12 | |
| 2012-13 | എൽ.എഫ്.എ-പി4-145/15, തീ. 12.03.2015 |
| 2013-14 | കെ.എസ്.എ-എൽ.പി-പി4-1344/15, തീ. 20.11.2015 |
| 2014-15 | |
| 2015-16 | കെ.എസ്.എ-എൽ.പി-പി4-1338/16 തീ. 14.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

# അനുബന്ധം

•

നം. കെ.എസ്.എ-എ.എൽ.പി/പി4-882/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 06.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P4-882/17

Kerala State Audit Department,
District Audit Office, Alappuzha.
Date: 06.07.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Cheppad Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Cheppad Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha